Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

സംഗ്രഹം

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ - നീരകർഷകർക്ക് മൂലധന സഹായം നൽകുന്നതിനായി - ഒരു കോടി രൂപ - അനുവദിക്കുന്നത് - സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## ധനകാര്യ (പബ്ളിക് അണ്ടർ ടേക്കിംഗ്-എ) വകുപ്പ്

സ.ഉ.(ആർ.ടി) നമ്പർ. 3286/16/ധന — തീയതി, തിരുവനന്തപുരം 31.03.2016

പരാമർശം :-
1) 22.06.15 ലെ സ.ഉ (എം.എസ്) നം. 111/15/കൃഷി
2) 04.02.2016 ലെ സ.ഉ.നം. 1198/02/06/ ധന
3) 14.03.2016 ലെ. സ.ഉ. (ആർ.റ്റി) നം. 2311/16/ധന
4) 29.03.16 ലെ കെ.എഫ്.സി. യുടെ കത്ത് നം. KFC/credit/672/16

## ഉത്തരവ്

പരാമർശം (1) പ്രകാരം സർക്കാർ നീര ഉത്പാദനം ത്വരിതപ്പെടുത്തുന്നതിന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ നിബന്ധന xi ൽ കർഷകർ സ്വയം കണ്ടെത്തുന്ന തുകയുടെ 25% മൂലധന സഹായമായി കർഷക ഉല്പാദക കമ്പനികൾക്ക് നൽകുന്നതിനായി 10 കോടി രൂപ ബജറ്റിൽ വകയിരുത്തുന്നതിനു വേണ്ട നടപടി സ്വീകരിക്കുമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കേരള ഫിനാൻഷ്യൽ കോർപ്പറേഷനെ നോഡൽ ഏജൻസിയായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.

2) മൂലധന ശീർഷകത്തിൽ കർഷക ഉല്പാദന കമ്പനികൾക്ക് മൂലധന സഹായം നൽകുന്നതിനായി കേരള ഫിനാൻഷ്യൽ കോർപ്പറേഷന് ധനസഹായം നൽകുന്നതിനായി '4401-00-190-88- Disbursment of capital assistance through Kerala Financial Corporation to farmers producer companies producing Neera (P)' എന്ന ശീർഷകത്തിൽ ഉപധനാഭ്യർത്ഥന പ്രകാരം 5 കോടി രൂപ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്.

3) നീര കർഷക ഉല്പാദന കമ്പനികൾക്ക് ധനസഹായം നൽകുന്നതിനായി പരാമർശം (2), (3) എന്നിവ പ്രകാരം കേരള ഫിനാൻഷ്യൽ കോർപ്പറേഷന് 3 കോടി രൂപ ഇതുവരെ അനുവദിച്ച് നൽകിയിട്ടുണ്ട്.

4) പരാമർശം (4) പ്രകാരം കേരള ഫിനാൻഷ്യൽ കോർപ്പറേഷന് 278.4752 ലക്ഷം രൂപ കൂടി ഇതിലേയ്ക്കായി അനുവദിച്ച് നൽകണമെന്ന് അഭ്യർത്ഥിച്ചിരിക്കുന്നു. ഇതിൽ പരാമർശം 3 പ്രകാരം അനുവദിച്ച ഒരു കോടി രൂപ കൂടി ഉൾക്കൊള്ളുന്നു.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും നീര കർഷക ഉല്പാദന കമ്പനികൾക്ക് ധനസഹായം നൽകുന്നതിനായി '4401-00-190-88- Disbursment of capital assistance through Kerala Financial Corporation to farmers producer companies producing Neera (P)' എന്ന ശീർഷകത്തിൽ നീക്കിയിരുപ്പുള്ള 1,00,00,000/-രൂപ ( ഒരു കോടി രൂപ) താഴെ പറയുന്ന വ്യവസ്ഥകൾക്കു വിധേയമായി പിൻവലിക്കുന്നത് അനുമതി നൽകുകയും ചെയ്യുന്നു.

i. പിൻവലിക്കുന്ന തുക ബാങ്കിലോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിലോ നിക്ഷേപിക്കാൻ പാടില്ല

ii. 09.02.08 ലെ സർക്കുലർ നം. 84/08/ധന, 29.08.2009 ലെ സർക്കുലർ നം. 75/09/ധന എന്നിവയിൽ പ്രതിപാദിച്ചിരിക്കുന്ന വ്യവസ്ഥകൾ കർശനമായി പാലിയ്ക്കണം.

iii. ഈ തുക ഗൈഡ് ലൈൻസ് പ്രകാരമുള്ള ആവശ്യത്തിനുമാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.

iv. അടുത്ത ഫണ്ട് റിലീസിംഗ് സമയത്ത് കേരള ഫിനാൻഷ്യൽ കോഡിലെ ഫോറം നം.44 പ്രകാരം ഈ തുകയുടെ ആധികാരികമായ ധനവിനിയോഗ സർട്ടിഫിക്കറ്റും വിശദമായ സ്റ്റേറ്റ്മെന്റ് ഓഫ് എക്സ്പെൻഡിച്ചറും സമർപ്പിക്കേണ്ടതാണ്.

6) ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ (അക്കൗണ്ട്സ്) മേലൊപ്പിട്ട ബില്ല്, കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ സമർപ്പിച്ച് തുക കൈപ്പറ്റേണ്ടതാണ്. ധനവിനിയോഗ സർട്ടിഫിക്കറ്റ്, സ്റ്റേറ്റ്മെന്റ് ഓഫ് എക്സ്പെൻഡിച്ചർ എന്നിവ ഉൾപ്പെടുന്ന ഒരു പ്രത്യേക ആഡിറ്റഡ് അക്കൗണ്ട് ഇതിലേയ്ക്കായി ചെയർമാൻ & മാനേജിംഗ് ഡയറക്ടർ സൂക്ഷിക്കേണ്ടതുമാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**

**പ്രീത. ബി.എസ്.**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ), കേരള, തിരുവനന്തപുരം.
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, വെള്ളയമ്പലം, തിരുവനന്തപുരം.
പ്ലാനിംഗ് ആന്റ് ഇക്കോണമിക് അഫയേഴ്സ് (സി.പി.എം.യു) ഡിപ്പാർട്ട്മെന്റ്
ഡെപ്യൂട്ടി സെക്രട്ടറി , ധന (അക്കൗണ്ട്സ്) വകുപ്പ്
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
നോഡൽ ഓഫീസർ, www.finance.kerala.gov.in
കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**